**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2526** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ്‌രഹിത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് പുത്തനുണർവ്വ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയായ ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി, ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. ഫിലമെന്റ് രഹിത കേരളം പദ്ധതി സംസ്ഥാന സർക്കാർ സ്ഥാപനമായ ഇ.എം.സി.യുമായി ചേർന്നാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ ഗുണമേന്മയേറിയ ഒരു കോടി എൽ.ഇ.ഡി ബൾബുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രധാനലക്ഷ്യം..ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉപഭോക്താക്കൾക്ക് LED ബൾബുകൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. ഇവയുടെ വിതരണം മാർച്ച് മാസത്തോട് കൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം വീടുകളിൽ നിന്നും പഴയ CFL/ ICL (കോംപാക്റ്റ് ഫ്ലൂറസെന്റ് ലാമ്പ്/ ഇൻകാൻഡസെന്റ് ലാമ്പ്) ബൾബുകൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപെട്ടവർക്കാണ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നത്; | (ബി) | ഫിലമെന്റ് രഹിത പദ്ധതിയിൽ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും LED ബൾബുകൾക്കു രജിസ്റ്റർ ചെയ്യാനുള്ള അവസരം നൽകിയിരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ നാളിതുവരെ 13.27 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം LED ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യുവാനുള്ള അവസരം നൽകി യിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്കുള്ള |

| | | | |
|---|---|---|---|
| | | | LED ബൾബ് വിതരണത്തിന് ശേഷം ഇപ്പോൾ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് LED ബൾബുകൾ ലഭ്യമാക്കുന്നതാണ് . |
| (സി) | എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഇവ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്; വിശദമാക്കാമോ? | (സി) | ജീവനക്കാർ LED ബൾബുകൾ ഉപഭോക്താ ക്കളുടെ വീട്ടുകളിൽ നേരിട്ട് വിതരണം ചെയ്യുന്ന തും പഴയ CFL/ ICL ബൾബുകൾ ഉപഭോക്താ ക്കളിൽ നിന്നും തിരികെ എടുക്കുന്നതുമാണ്. വീട്ടിൽ എത്തിക്കുന്ന ദിവസവും സമയവും വ്യക്ത മാക്കിക്കൊണ്ടുള്ള വിവരം SMS ആയി ഉപ ഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്. ഒരു LED ബൾബിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്നത് 65 രൂപയാണ്. ഉപഭോക്താക്കൾക്ക് നൽകുന്ന LED ബൾബുകളുടെ തുക ഒരുമിച്ചോ പരമാവധി 6 തവണകളായോ അടയ്ക്കാവുന്നതാണ്. ഒരു ബൾബിന്റെ വാറന്റി 3 വർഷം ആണ്. ഒരു ഉപഭോക്താവ് രജിസ്റ്റർ ചെയ്തതിനേക്കാൾ കുറച്ചു ബൾബുകൾ സ്വീകരിക്കുന്നതിനും ആ വ്യക്തിയ്ക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഉപ ഭോക്താവ് കൂടുതൽ ബൾബുകൾ ആവശ്യപ്പെടുന്നപക്ഷം ആകെ രജിസ്റ്റർ ചെയ്ത എണ്ണത്തിന്റെ 25% വരെ ബൾബുകൾ അധികമായി നൽകു ന്നതാണ്. |

സെക്ഷൻ ഓഫീസർ